WEDNESDAY 23.08.2023 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr. BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–23/08/2023.

1. ഓണസമൃദ്ധി 2023 ഈ ഓണത്തിന് കൃഷിവകുപ്പിന്റെ 2000 കർഷകചന്തകളുടെ സംസ്ഥാനതല ഉദ്ഘാടനം 20023 ആഗസ്റ്റ് 24 വ്യാഴാഴ്ച രാവിലെ 10 മണിക്ക് ആലപ്പുഴ മുനിസിപ്പൽ ഓഫീസിന് സമീപത്ത് വച്ച് ഫിഷറീസ് - സാംസ്ക്കാരിക വകുപ്പ് മന്ത്രി സജി ചെറിയാന്റെ അദ്ധ്യക്ഷതയിൽ കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് നിർവ്വഹിക്കുന്നതാണ്. പ്രസ്തുത ചടങ്ങിൽ എം.പി മാർ, എം.എൽ.എ മാർ, ജില്ലാപഞ്ചായത്ത് പ്രസിഡന്റ്, മറ്റ് ജനപ്രതിനിധികൾ, കർഷകർ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കുന്നു. 2000 ഓണച്ചന്തകളാണ് കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 25 മുതൽ 28 വരെ സംസ്ഥാനത്തൊട്ടാകെ പ്രവർത്തിക്കുക.

2. കണ്ടനാട് കർഷക സംഘത്തിന്റെയും എറണാകുളം ജില്ലയിലെ ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന്റെയും കൃഷിവകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ വിത മഹോത്സവം ഈ മാസം 26 ശനിയാഴ്ച രാവിലെ 8.30 ന് കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ് ഉദ്ഘാടനം നിർവഹിക്കുന്നു.

3. കേരളത്തിലെ ജൈവവൈവിദ്ധ്യങ്ങളും, ഗോത്രസംസ്ക്കാരങ്ങളും, നേരിട്ട് കണ്ടും, കേട്ടും ആസ്വദിക്കുവാൻ, കേരള സർക്കാർ വനം വന്യജീവി വകുപ്പിന്റെ കുളത്തൂപ്പുഴയിലെ നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം. ഇൻഫർമേഷൻ സെന്റർ, ടിംബർ മ്യൂസിയം, എക്സിബിഷൻ ഹാളുകൾ, ട്രൈബൽ ഹട്ടുകൾ, നിർമ്മിത ബുദ്ധിയിൽ ഒരുക്കിയിരിയ്ക്കുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ് റൂം, വന്യ ജീവികളുടെ അടുത്തു നിൽക്കുന്ന പ്രതീതി ഉളവാക്കുന്ന ഓഗ് മെന്റന്റഡ് റിയാലിറ്റി, ഭക്ഷണശാല, ഇക്കോഷോപ്പ് എന്നിവയാണ് ആകർഷണങ്ങൾ. രാവിലെ 10 മണി മുതൽ വൈകിട്ട് ആറുമണിവരെ പ്രവേശനം. മുതിർന്നവർക്ക് 50 രൂപയും കുട്ടികൾക്ക് 25 രൂപയും പ്രവേശനഫീസ്. കൂടുതൽ വിവരങ്ങൾക്ക് 8547600962 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. തൃശൂർ കൃഷിവിജ്ഞാനകേന്ദ്രത്തിൽ ,അടുത്തമാസം വിൽപനക്കുള്ള കോഴികുഞ്ഞുങ്ങൾ കുഞ്ഞ് ഒന്നിന് 160 രൂപ നിരക്കിൽ ബുക്കിംഗ് ആരംഭിച്ചു. ബുക്കിംഗ് സമയം രാവിലെ 10 മണി മുതൽ 4 മണി വരെ. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9400483754.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**പരിശീലന പരിപാടി**

5. കേരള കാർഷിക സർവ്വകലാശാല ഇ-പഠന കേന്ദ്രം "ശീതകാല പച്ചക്കറി കൃഷി" വിഷയത്തിൽ തയ്യാറാക്കിയ മാസ്സിവ് ഓപ്പൺ ഓൺലൈൻ കോഴ്സിലേക്കുള്ള പുതിയ ബാച്ച് സെപ്റ്റംബർ 11 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരാണ് കോഴ്സ് കൈകാര്യം ചെയ്യുന്നത്. താൽപ്പര്യമുള്ളവർ സെപ്റ്റംബർ 10 നകം കോഴ്സിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. 20 ദിവസം ദൈർഘ്യമുള്ള കോഴ്സ് മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റും നൽകുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ മാസ്സിവ് ഓപ്പൺ ഓൺലൈൻ കോഴ്സില് രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് സെപ്റ്റംബർ 11 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്

6. റബ്ബർബോർഡ് നടത്തുന്ന വെർച്വൽ ട്രേഡ് ഫെയറി (വിടിഎഫ്)-ന്റെ നാലാം പതിപ്പിന് 2023 ഒക്ടോബറിൽ തുടക്കം കുറിക്കുന്നു. ഇന്ത്യൻ റബ്ബറുത്പന്നനിർമ്മാതാക്കൾക്ക് അവരുടെ ഉത്പന്നങ്ങൾ ഉപഭോക്താക്കൾക്കിടയിൽ കുറഞ്ഞ ചെലവിൽ പ്രദർശിപ്പിക്കുന്നതിനും ബ്രാൻഡ് നിർമ്മാണത്തിനുമുള്ള അവസരം റബ്ബർബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രദർശിപ്പിക്കുന്ന വെർച്വൽ ട്രേഡ് ഫെയർ ഒരുക്കുന്നു. ആഭ്യന്തര-അന്തർദേശീയ വിപണികളിൽ രാജ്യത്തെ റബ്ബറുത്പന്നങ്ങൾ എത്തിക്കുന്നതിനുള്ള ചെലവ് കുറഞ്ഞ ഡിജിറ്റൽ പ്ലാറ്റ്ഫോമായാണ് വെർച്വൽ ട്രേഡ് ഫെയർ. വിടിഎഫ് നാലാംപതിപ്പിൽ ഒരു വർഷത്തേക്കുള്ള സ്റ്റാൾ വാടക 5000 രൂപ( 18% ജിഎസ്ടി പുറമെ)യാണ്. റബ്ബറിന്റെയും റബ്ബറുത്പന്നങ്ങളുടെയും കയറ്റുമതിക്കാർക്ക് നാലാം പതിപ്പിനായി ഇപ്പോൾ സ്റ്റാളുകൾ ബുക്ക് ചെയ്തുതുടങ്ങാം. ബന്ധപ്പെടേണ്ട നമ്പർ: 0481 2353790/2353311 ഇമെയിൽ: marketpromotion@rubberboard.org.in

**7.** റബ്ബറുത്പാദനം സുസ്ഥിരമാക്കുന്നതിന് സഹായകമായ നൂതനകൃഷിരീതികളിൽ റബ്ബർബോർഡിന്റെ പരിശീലനവിഭാഗമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ആഗസ്റ്റ് 24,25 തീയതികളിൽ പരിശീലനം നൽകുന്നു. വിശദ വിവരങ്ങൾക്ക് ഫോൺ നമ്പർ 9447710405, 04812351313. ഇ മെയിൽ: training@rubberboard.org.in

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം